# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ലൈബ്രേറിയനായ ശ്രീ.എൻ. പരമേശ്വരൻ നമ്പൂതിരിയുടെ പിതാവിന്റെ ഹൃദയസംബന്ധമായ ചികിൽസയ്ക്ക് നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ [ഇപിഎ]വകുപ്പ്

സ.ഉ. [സാധാ] നം. **850/2015**/തസ്വഭവ . തീയതി, തിരുവനന്തപുരം,**23/03/2015**

---

പരാമർശം : 1) ശ്രീ. എൻ.പരമേശ്വരൻ നമ്പൂതിരിയുടെ 24/10/2014 ലെ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 07/07/2014 ലെ എഫ്2-27521/12 നമ്പർ കത്ത്.

3) വെൺമണി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20/05/2014 ലെ 5(2) നമ്പർ തീരുമാനം.

4) ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ 07/07/2014 ലെ എഫ്2-27521/12 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ലൈബ്രേറിയനായ ശ്രീ.എൻ. പരമേശ്വരൻ നമ്പൂതിരിയുടെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് പത്തനംതിട്ടയിലെ സെന്റ് ഗ്രിഗോറിയസ് കാർഡിയോ വാസ്കുലർ സെന്റർ എന്ന പ്രൈവറ്റ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ രോഗത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ പരാമർശം 4 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 57710/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ 46,168/- (നാൽപ്പത്തി ആറായിരത്തി ഒരുന്നൂറ്റി അറുപത്തി എട്ടുരൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ലൈബ്രേറിയനായ ശ്രീ.എൻ. പരമേശ്വരൻ നമ്പൂതിരിയുടെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് പത്തനംതിട്ടയിലെ സെന്റ് ഗ്രിഗോറിയസ് കാർഡിയോ വാസ്കുലർ സെന്റർ എന്ന പ്രൈവറ്റ് ആശുപത്രിയിൽ ഹൃദയ സംബന്ധമായ രോഗത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് കണ്ടെത്തിയ 57710/- രൂപയുടെ 80% തുകയായ 46,168/- ( നാൽപ്പത്തി ആറായിരത്തി ഒരുനൂറ്റി അറുപത്തി എട്ടുരൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത,കൃത്യത, എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തി ശ്രീ.എൻ. പരമേശ്വരൻ നമ്പൂതിരിയുടെ പിതാവിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയുടെ 80% തുകയായ 46,168/- ( നാൽപ്പത്തി ആറായിരത്തി ഒരുനൂറ്റി അറുപത്തി എട്ടുരൂപ മാത്രം) ആലപ്പുഴ ജില്ലയിലെ വെൺമണി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകന് അനുവദിക്കുന്നതിന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത തുക വെൺമണി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സെൽവരാജൻ.എൽ

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീ.എൻ.പരമേശ്വരൻ നമ്പൂതിരി,ഫുൾടൈം ലൈബ്രേറിയൻ, വെൺമണി ഗ്രാമ പഞ്ചായത്ത് (വെൺമണി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ധനകാര്യ വകുപ്പ് (06/01/2015 ലെ 110134/WW3/2014/Fin പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ